# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 467      06.02.2014-ൽ മറുപടിയ്ക്ക്

## കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാന പോലീസ് മേധാവിയുടെ 07.09.2013-ലെ ഉത്തരവ് നമ്പർ T5-11238/12 പ്രകാരം സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്ന പേരിൽ കുറ്റവാളികളുടെ ഒരു കേന്ദ്രീകൃത ഡാറ്റാ ബേസ് ഉണ്ടാക്കാൻ പോലീസ് കമ്പ്യൂട്ടർ സെന്ററിലെ സോഫ്റ്റ്‌വെയർ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ഒരു ജില്ലയിൽ കേസുകളിൽ പ്രതിയായിട്ടുള്ള ഒരാൾക്ക് മറ്റ് ജില്ലകളിലെ സർക്കാർ ഓഫീസുകളിലും, മന്ത്രിമാരുടെ ഓഫീസുകളിലും കയറിയിറങ്ങി കുറ്റകൃത്യങ്ങളിൽ, പങ്കാളികളാകുവാൻ സാധിയ്ക്കാറുണ്ട്. പോലീസിൽ ഒരു ഏകീകൃത ക്രിമിനൽ ഡാറ്റാബേസ് ഇല്ലാത്തത് കാരണം ഇത്തരം കുറ്റവാളികളെ തുടക്കത്തിൽ തന്നെ കണ്ടെത്താൻ സാധിക്കാതെ വരുന്നു. ഇതിനൊരു പരിഹാരം ഉണ്ടാക്കുക, അതുവഴി കുറ്റകൃത്യങ്ങൾ തടയുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) എന്തെല്ലാം വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) കുറ്റവാളികളുടെ കേസു വിവരങ്ങൾ, മേൽ വിലാസം, ഏതുതരം കുറ്റകൃത്യമാണ് ചെയ്തിട്ടുള്ളത് , ശിക്ഷാ കാലാവധി തുടങ്ങിയ വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്തുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്യുന്ന ഗൗരവ സ്വഭാവമുള്ള കേസ്സുകളിലെ പ്രതികളെ ഉൾപ്പെടുത്തിയാണ് Criminal Data Base ഉണ്ടാക്കുന്നത്. 2013 ജനവരി ഒന്നാം തീയതി മുതൽ കേരളത്തിലെ എല്ലാ സ്റ്റേഷനുകളിലും റിപ്പോർട്ടാകുന്ന ഇത്തരം കേസ്സുകളെപ്പറ്റിയുള്ള വിവരങ്ങൾ സെക്യൂരിറ്റി അലർട്ട് സിസ്റ്റത്തിലേക്ക് Data entry ചെയ്തു വരുന്നു. സോഫ്റ്റ് വെയർ ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐഡികളും, പാസ്‌വേഡുകളും ഉപയോക്താക്കൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ